LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് തറവാടു വീടുകളിലെ കുടുംബങ്ങൾക്ക് പ്രത്യേക റേഷൻ കാർഡ് ലഭ്യമാക്കാൻ നടപടി

86 (1659) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടെ തറവാടു വീടുകളിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന സാഹചര്യത്തിൽ വ്യത്യസ്ത കുടുംബങ്ങൾക്ക് പ്രത്യേക റേഷൻ കാർഡ് നേരത്തെ ലഭ്യമായിരുന്നെങ്കിലും ഇപ്പോഴതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ നേരിടുന്ന പ്രയാസങ്ങൾ ഒഴിവാക്കി കുടുംബങ്ങൾക്ക് പ്രത്യേക റേഷൻ കാർഡ് ലഭ്യമാക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) നിലവിൽ സ്വന്തം പേരിൽ റേഷൻ കാർഡ് ഇല്ലാത്തതോ അഥവാ മറ്റേതെങ്കിലും റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തതോ ആയ വ്യക്തിക്കാ കുടുംബത്തിനോ ആണ് പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത്. സാധാരണഗതിയിൽ പ്രത്യേക വീട്ടിൽ താമസിക്കുന്നവർക്കാണ് റേഷൻ കാർഡിന് അർഹതയുള്ളത്. ഒരു കുടുംബത്തിന് ഒരു റേഷൻ കാർഡ് മാത്രമേ അനുവദിക്കാനാകു. എന്നാൽ ഒരു കൂരയ്ക്ക് കീഴിൽത്തന്നെ പ്രത്യേക അടുക്കളയിൽ പൊതുവായി ഭക്ഷണം പാകം ചെയ്തു കഴിയുന്നവരെ പ്രത്യേക കുടുംബമായി കണക്കാക്കി പ്രത്യേക റേഷൻ കാർഡ് അനുവദിക്കുന്നതിന് കേരള റേഷനിംഗ് ഉത്തരവിലെ ഖണ്ഡിക 2(11)-ലെ കുടുംബം എന്ന നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ തടസ്സമില്ല.

(ബി) തറവാട് വീടുകളിൽ താമസിക്കുന്ന വ്യത്യസ്ത കുടുംബങ്ങൾക്ക് പ്രത്യേക റേഷൻ കാർഡ് കേരള റേഷനിംഗ് ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം അന്വേഷണ വിധേയമായി അനുവദിച്ചു നൽകാവുന്നതാണ്.

പുതിയ റേഷൻകാർഡ് വിതരണത്തിലെ നിയന്ത്രണം

87 (1660) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്നതിന് നിലവിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എന്തൊക്കെ നിയന്ത്രണങ്ങളാണ് ഇത്തരത്തിൽ ഏർപ്പെടുത്തിയിരിക്കുന്നത് ;